**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1539** **08-12-2022 - ൽ മറുപടിയ്ക്ക്**

**മൂല്യനിർണ്ണയത്തിനുള്ള പ്ലസ് വൺ പരീക്ഷ പേപ്പറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പ്ലസ് വൺ പരീക്ഷ പേപ്പറുകൾ മൂല്യനിർണ്ണയത്തിനായി ക്യാമ്പസ്സുകളിലേക്ക് അയച്ചതിന്റെ അഡ്രസ്സ് സ്ലിപ്പുകൾ പ്രിൻസിപ്പൽമാരുടെ പൊതു വാട്സ് ആപ് ഗ്രൂപ്പിൽ പ്രചരിക്കുന്ന വിവരം മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ഒക്ടോബർ 25 മുതൽ 31 വരെ നടന്ന ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷകളുടെ അഡ്രസ്സ് സ്ലിപ്പുകൾ പ്രചരിക്കുന്നു എന്ന വാർത്തയാണ് ശ്രദ്ധയിൽപ്പെട്ടത്.** |
| (ബി) | ഉത്തരക്കടലാസ്സിന്റെ മൂല്യനിർണ്ണയം അട്ടിമറിക്കപ്പെടുന്ന രീതിയിൽ മൂല്യനിർണ്ണയത്തിനായി അയയ്ക്കുന്ന കേന്ദ്രത്തിന്റെ വിവരം പരസ്യമായി വാട്സാപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യാൻ നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്നു വ്യക്തമാക്കുമോ; | (ബി) | **ശ്രീമതി. ഗിരിജ.കെ.ആർ.(ഹയർ സെക്കന്ററി മേഖല ഉപമേധാവി, തിരുവനന്തപുരം)** |
| (സി) | അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ആശങ്കയും പരീക്ഷാ നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മയും വിശ്വാസ്യതയും നഷ്ടപ്പെട്ടതു സംബന്ധിച്ച് അതിനുത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ അന്വേഷണത്തിന് നിർദേശം നൽകിയിരുന്നോ; | (സി) | അന്വേഷണത്തിന് നിർദ്ദേശം നൽകിയിരുന്നു. |
| (ഡി) | എങ്കിൽ എന്നാണ് അന്വേഷണത്തിന് നിർദ്ദേശം നൽകിയത്; പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | 09/11/2022, പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ? | (ഇ) | പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.<br><br>അച്ചടക്ക നടപടിയുടെ ഭാഗമായി ശ്രീമതി.ഗിരിജ.കെ.ആർ. നെ സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അഡ്വ. പി. രാമചന്ദ്രൻ നായർ
പൊതുവിദ്യാഭ്യാസവും തൊഴിലും
വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി.........09.11.2022

265203/2022/...

No.781/2022/PS/M(G.Edn&L)

## കുറിപ്പ്

2022 ഒക്ടോബർ മാസം 25 മുതൽ 31 വരെ നടന്ന പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ഉത്തരക്കടലാസ് കെട്ടുകൾ മൂല്യനിർണ്ണയ ക്യാമ്പുകളിലേക്ക് അയച്ചതിന്റെ Portal Address Slip കൾ വ്യാപകമായി പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ഒരു സ്കൂളിലെ പരീക്ഷ ഉത്തരക്കടലാസുകൾ ഏത് മൂല്യനിർണ്ണയ ക്യാമ്പിലാണ് അയക്കേണ്ടതെന്ന് ആ സ്കൂളിന്റെ പ്രിൻസിപ്പൽ/ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർ മാത്രമേ അറിയാൻ പാടുള്ളൂ. വളരെ രഹസ്യാത്മകമായി ആയി അതത് കേന്ദ്രങ്ങളിലേക്ക് ഉത്തരക്കടലാസ് ബണ്ടിലുകൾ അയച്ച് അക്കാര്യം ഔദ്യോഗിക രഹസ്യമായിത്തന്നെ സൂക്ഷിക്കേണ്ടതാണ്.

എന്നാൽ തിരുവനന്തപുരം RDD, Principal@kollam എന്ന പേരിൽ ഉള്ള വാട്സ് ആപ്പ് ഗ്രൂപ്പിൽ ഉത്തരക്കടലാസ് ബണ്ടിലുകൾ പരീക്ഷാ മൂല്യനിർണയ ക്യാമ്പുകളിലേക്ക് അയച്ച വിലാസം അടങ്ങിയ പോസ്റ്റൽ സ്ലിപ്പുകൾ പോസ്റ്റ് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രൂപ്പിലെ പ്രിൻസിപ്പൽമാർ ഉത്തരക്കടലാസ് ബണ്ടിലുകൾ അയച്ചു നൽകിയ മൂല്യനിർണയ ക്യാമ്പുകളുടെ അഡ്രസ് അടങ്ങിയ Portal Slip-കൾ വാട്സ് ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു.

ഈ നടപടി മൂലം ഉത്തരക്കടലാസ് മൂല്യനിർണയത്തിൽ പ്രാഥമികമായി സൂക്ഷിക്കേണ്ട രഹസ്യാത്മകത നഷ്ടമായിരിക്കുന്നു. വാട്സ് ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്ത അഡ്രസ് സ്ലിപ്പുകൾ ഗ്രൂപ്പിൽ നിന്നും പുറത്തേക്ക് വ്യാപകമായി പ്രചരിച്ചിരുന്നു.

ഇത് മൂല്യനിർണയ ക്യാമ്പുകൾ, പ്രസ്തുത ക്യാമ്പുകളിലെ അധ്യാപകർ എന്നിവ തിരിച്ചറിയാനും അതുവഴി മൂല്യനിർണ്ണയത്തെ സ്വാധീനിക്കാനും വഴിയൊരുക്കും.

ഈ നടപടി പരീക്ഷാ നടത്തിപ്പിന്റെ വിശ്വാസ്യതയിലും, കാര്യക്ഷമതയിലും ഗുരുതരമായ വീഴ്ചയാണ്. ഇതിന് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയും സർക്കാരും ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട സാഹചര്യം ഉണ്ടായേക്കാം. ആയതിനാൽ അത്യന്തം ഗുരുതരമായ ഈ വീഴ്ചയെ സംബന്ധിച്ച് രണ്ടു ദിവസത്തിനകം ഡയറക്ടർ നേരിട്ട് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു.

അഡ്വ. പി. രാമചന്ദ്രൻ നായർ

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
ജഗതി, തിരുവനന്തപുരം

ഓഫീസ് : റൂം നമ്പർ 201 എ, രണ്ടാം നില, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ- ഓഫീസ് : 0471-2517223, 0471-2327560 മൊബൈൽ : +91 9400055222

# റിപ്പോർട്ട്

2022 ഒക്ടോബർ 25 മുതൽ 31 വരെ നടന്ന ഒന്നാം വർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയ ക്യാമ്പുകളിലേക്ക് അയച്ചതിന്റെ പോസ്റ്റൽ അഡ്രസ്സ് സ്ലിപ്പുകൾ വ്യാപകമായി പ്രചരിപ്പിച്ചിരുന്നു എന്ന് ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി വാട്സാപ് സ്ക്രീൻഷോട്ടുകളുടെ പ്രിന്റൗട്ടുകൾ സഹിതം അറിയിക്കുകയുണ്ടായി.

ഉത്തരക്കടലാസ് കെട്ടുകൾ ഏത് മൂല്യനിർണ്ണയ ക്യാമ്പുകളിലേക്കാണ് അയക്കേണ്ടതെന്ന് ചീഫ് സൂപ്രണ്ടും ഡെപ്യൂട്ടിചീഫ് സൂപ്രണ്ടുമാരും മാത്രം അറിയേണ്ട കാര്യമാണ്.അതിന്റെ രഹസ്യാത്മകത സൂക്ഷിക്കേണ്ടതുമുണ്ട്. തിരുവനന്തപുരം RDD,Principal@kollam എന്ന വാട്സാപ് ഗ്രൂപ്പിൽ മൂല്യനിർണ്ണയ ക്യാമ്പുകളിലേക്ക് ഉത്തരക്കടലാസ് കെട്ടുകൾ അയച്ച വിലാസമടങ്ങിയ പോസ്റ്റൽ അഡ്രസ്സ് സ്ലിപ്പുകൾ പോസ്റ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. ഇതു സംബന്ധിച്ച് തിരുവനന്തപുരം മേഖല ഉപമേധാവിയോട് വിശദീകരണം ആവശ്യപ്പെടുകയും നേരിൽ കേൾക്കുകയും ചെയ്തിട്ടുള്ളതാകുന്നു. അതിൽ നിന്നും ഇതര അന്വേഷണത്തിൽ നിന്നും ചുവടെ പറയുന്നവ ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്യുന്നു.

1. 27/10/2022 ന് ഉച്ചക്ക് ശേഷം ബയോളജി,ഇലക്ട്രോണിക്സ്,പൊളിറ്റിക്കൽ സയൻസ്,സംസ്കൃത സാഹിത്യ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ,ഇംഗ്ലീഷ് ലിറ്ററേച്ചർ,എന്നീ വിഷയങ്ങളിലാണ് പരീക്ഷ നടന്നത്.
2. കൊല്ലം ജില്ലയിലെ നിലമേൽ എം എം എച്ച് എച്ച്എസിലെ ഡെപ്യൂട്ടിചീഫ് സൂപ്രണ്ട് അവിടെ ഉത്തരക്കടലാസ് കെട്ടുകൾ സൂക്ഷിക്കുന്നത് നൈറ്റ് വാച്ച്മാനെ സ്വാധീനിച്ച് മാൽപ്രാക്ടീസ് നടത്താൻ സാധ്യതയുണ്ടെന്ന് തിരുവനന്തപുരം മേഖല ഉപമേധാവിയെ ഫോൺ മുഖാന്തിരം

അറിയിക്കുകയുണ്ടായി.ഇത്തരത്തിൽ എല്ലാ സ്കൂളിലും മാൽപ്രാക്ടീസ് നടത്താൻ സാധ്യതയുണ്ടെന്ന സൂചനയും ടി.അധ്യാപിക നൽകുകയുണ്ടായി എന്ന് മേഖല ഉപമേധാവി അറിയിച്ചിരുന്നു.ഇതിന്റെ അടിസ്ഥാനത്തിലാണ് 27/10/2022 ന് നടന്ന പരീക്ഷയുടെ ഉത്തരക്കടലാസ് കെട്ടുകൾ അയച്ച വിലാസമടങ്ങിയ പോസ്റ്റൽ അഡ്രസ്സ് സ്ലിപ്പുകൾ വാട്സാപ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നതിന് മേഖല ഉപമേധാവി നിർദ്ദേശം നൽകിയിട്ടുള്ളത്. .അത് തെറ്റായ തീരുമാനം ആണ് എന്ന് മനസ്സിലാക്കിയ ഉടൻ തന്നെ തുടർന്ന് വാട്സാപ് ഗ്രൂപ്പിൽ സ്ലിപ് പോസ്റ്റ് ചെയ്യേണ്ട എന്ന നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു.ഈ പ്രക്രിയ കൊല്ലം ജില്ലയിൽ മാത്രമല്ല തിരുവനന്തപുരം ജില്ലയിലും നടന്നിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

3. നിലമേൽ എം എം എച്ച് എച്ച്എസിലെ ഡെപ്യൂട്ടിചീഫ് സൂപ്രണ്ടായി പ്രവർത്തിച്ചിരുന്ന ഗവ. എച്ച് എച്ച്എസ്,കടക്കലിലെ എച്ച്.എച്ച്.എസ്.ടി. ഇംഗ്ലീഷ് ശ്രീമതി. സബിദ.എ യെ നേരിൽ കേട്ടതിൽ നിന്നും ഒരു റൂമിൽ സീറ്റിംഗ് അറേഞ്ച്മെന്റ് ശരിയായിരിന്നില്ല എന്ന് മേഖല ഉപമേധാവിയോട് പറഞ്ഞിരുന്നു എന്നും മറ്റ് സ്കൂളുകളിൽ മാൽപ്രാക്ടീസ് നടത്താൻ സാധ്യതയുണ്ടെന്ന് മേഖല ഉപമേധാവിയെ അറിയിച്ചിരുന്നു എന്നും അത് തെളിവുകളുടെ പിൻബലമില്ലാതെ പറഞ്ഞതാണെന്നും അറിയിച്ചു. സ്കൂളിൽ നിന്നും മാൽപ്രാക്ടീസ് ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ഉത്തരക്കടലാസ് കെട്ടുകൾ സ്കൂളിൽ സൂക്ഷിച്ചാൽ മാൽപ്രാക്ടീസ് നടത്താൻ സാധ്യതയുണ്ടെന്ന് മേഖല ഉപമേധാവിയോട് പറഞ്ഞിട്ടില്ല എന്നും അറിയിച്ചു.

4. പരീക്ഷാസംബന്ധമായി ക്രമക്കേടുകൾഒന്നും നടക്കാതിരിക്കാനാണ് ഇത്തരത്തിൽ പോസ്റ്റൽ അഡ്രസ്സ് സ്ലിപ്പുകൾ അയക്കാൻ പറഞ്ഞത് എന്ന മേഖല ഉപമേധാവി ശ്രീമതി. ഗിരിജ.കെ.ആർ ന്റെ പ്രസ്താവന സ്വീകാര്യമായി തോന്നുന്നില്ല. മേഖല ഉപമേധാവി പൊതു വിദ്യാഭ്യാസ ഡയറക്ടറുമായോ പരീക്ഷാ സെക്രട്ടറിയുമായോ ഇത് സംബന്ധിച്ച കാര്യങ്ങൾ ഒന്നും ചർച്ച ചെയ്തിട്ടില്ലാത്തതാകുന്നു. രഹസ്യ സ്വഭാവമുള്ള ഇത്തരം കാര്യങ്ങൾ വാട്സാപ് ഗ്രൂപ്പിലൂടെ കൈമാറിയത് ഉചിതമായി കാണുന്നില്ല. നിലമേൽ എം .എം എച്ച് എച്ച്എസിലെ ഡെപ്യൂട്ടിചീഫ് സൂപ്രണ്ടായി പ്രവർത്തിച്ചിരുന്ന ഗവ. എച്ച് എച്ച്എസ്,കടക്കലിലെ എച്ച്.എച്ച്.എസ്.ടി. ഇംഗ്ലീഷ് ശ്രീമതി. സബിദ.എ ആകട്ടെ മേഖല ഉപമേധാവി ശ്രീമതി. ഗിരിജ.കെ.ആർ പറഞ്ഞ തരത്തിലുള്ള ഒരു വിവരവും നൽകിയിട്ടില്ല എന്ന് കാണുന്നു. അഥവ ഇത്തരത്തിലുള്ള സന്ദേശങ്ങൾ ലഭിക്കുമ്പോൾ അവയുടെ ആധികാരികത ഉറപ്പാക്കാതെ

മേഖല ഉപമേധാവിയുടെ ഭാഗത്തു നിന്നും ഉണ്ടായ ഈ നടപടി അപക്വമാണെന്ന് കരുതുന്നു. മനപ്പൂർവമല്ലാതെ സംഭവിച്ച പിഴവ് മാപ്പാക്കണമെന്നും മേലിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്നും മേഖല ഉപമേധാവി ശ്രീമതി. ഗിരിജ.കെ.ആർ അറിയിച്ചിട്ടുണ്ട്.

ഈ റിപ്പോർട്ട് അങ്ങയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

ജോയിന്റ് ഡയറക്ടർ

പരീക്ഷാവിഭാഗം

-13-

സ.ഉ.(സാധാ) നം.7486/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഭരണകാര്യം - ഹയർസെക്കൻഡറി തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ഗിരിജ കെ.ആർ-നെ സ്ഥലംമാറ്റി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(സാധാ) നം.7486/2022/GEDN തീയതി,തിരുവനന്തപുരം, 01-12-2022

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.എക്സ്-II/1/24670/എച്ച്.എസ്.ഇ./2022 നമ്പർ കത്ത്.

ഉത്തരവ്

2022 ഒക്ടോബർ 25 മുതൽ 31 വരെനടന്ന ഒന്നാം വർഷ ഹയർസെക്കൻഡറി ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയ ക്യാമ്പിലേക്ക് അയച്ചതിന്റെ പോസ്റ്റൽ അഡ്രസ് സ്ലിപ്പുകൾ വ്യാപകമായി പ്രചരിച്ചിരുന്നു എന്ന പത്രവാർത്തയെ തുടർന്ന് ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ തേടുകയും പരാമർശത്തിലെ കത്ത് പ്രകാരം ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരക്കടലാസ് കെട്ടുകൾ ഏത് മൂല്യനിർണ്ണയ ക്യാമ്പുകളിലേക്കാണ് അയയ്ക്കേണ്ടതെന്ന് ചീഫ് സൂപ്രണ്ടുമാരും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും മാത്രം അറിഞ്ഞിരിക്കേണ്ട വിഷയമാണെന്നും അതിന്റെ രഹസ്യാത്മക സൂക്ഷിക്കേണ്ടതാണെന്നും എന്നാൽ മേൽപ്പറഞ്ഞ പരീക്ഷയുമായി ബന്ധപ്പെട്ട് ഹയർസെക്കൻഡറി തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ഗിരിജ കെ.ആർ. മൂല്യനിർണ്ണയ ക്യാമ്പുകളിലേക്ക് ഉത്തരക്കടലാസ് കെട്ടുകൾ അയച്ച വിലാസം അടങ്ങിയ പോസ്റ്റൽ അഡ്രസ് സ്ലിപ്പുകൾ RDD,Principal@kollam എന്ന വാട്ട്സ്ആപ്പ് ഗ്രൂപ്പിലേക്ക് പോസ്റ്റുചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നുവെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി ഗിരിജ കെ.ആർ. ഇക്കാര്യം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുമായോ പരീക്ഷാ സെക്രട്ടറിയുമായോ ചർച്ചകൾ ഒന്നും നടത്തിയിട്ടില്ലെന്നും രഹസ്യസ്വഭാവമുള്ള മേൽപ്പറഞ്ഞ വിവരങ്ങൾ വാട്ട്സ്ആപ് ഗ്രൂപ്പിലൂടെ കൈമാറിയത് ഉചിതമല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീമതി ഗിരിജ കെ.ആർ-ന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹയർസെക്കൻഡറി പരീക്ഷാ പേപ്പറുകൾ മൂല്യനിർണ്ണയത്തിനായി ക്യാമ്പുകളിലേക്ക് അയച്ച പോസ്റ്റൽ രസീതും മറ്റ് രേഖകളും വാട്ട്സ്ആപ്പിൽ പോസ്റ്റുചെയ്യപ്പെട്ടത് പരീക്ഷാ നടത്തിപ്പിന്റെ വിശ്വാസ്യതയേയും രഹസ്യാത്മകതയേയും ബാധിക്കുന്ന പ്രവർത്തനമാണ്. കൂടാതെ മേൽവിഷയത്തിൽ പരീക്ഷാ നടത്തിപ്പിനെക്കുറിച്ച് പത്രവാർത്ത വന്നിട്ടുള്ളത് വകുപ്പിന്റെ സൽപ്പേരിനെ ബാധിക്കുന്നതുമാണ്

ഇത്തരത്തിൽ ശ്രീമതി ഗിരിജ കെ.ആർ-ന്റെ മേൽപ്രവൃത്തികൾ പൊതുവിദ്യാഭ്യാസ വകുപ്പിന് അവമതിപ്പ് ഉണ്ടാക്കുകയും പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയും രഹസ്യാത്മകയും ഇല്ലാതാക്കുന്നതുമാണെന്നും സർക്കാർ കണ്ടെത്തിയിട്ടുണ്ട്.

3) മേൽസാഹചര്യത്തിൽ, ഹയർസെക്കൻഡറി തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ഗിരിജ കെ.ആർ-നെ ഹയർസെക്കൻഡറി ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായി സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

4) ഹയർസെക്കൻഡറി ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. അശോക് കുമാർ വി.ആർ-നെ ഹയർസെക്കൻഡറി തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായി സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് ഹനീഫ.എം.എം.
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കൻഡറി വിദ്യാഭ്യാസം), തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം /ചെങ്ങന്നൂർ
ശ്രീമതി ഗിരിജ കെ.ആർ, ശ്രീ. അശോക് കുമാർ. വി.ആർ. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

For information and necessary action.

Senior Administrative Officer